**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - താൽക്കാലിക പ്രൊമോഷൻ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ) മാർക്ക് കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരം നൽകിയ താൽക്കാലിക പ്രൊമോഷനുകൾ ഉത്തരവ്വ തീയതി മുതൽ പ്രാബല്യത്തിൽ KS&SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള Temporary Promotion ആണ് എന്ന തരത്തിൽ പരിഷ്കരിക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3764/2017/തസ്വഭവ** **തിരുവനന്തപുരം, തീയതി, 23.11.2017.**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 04.02.2016-ലെ 6870/എസ്റ്റാ.ബി1/15/സിആർഡി നമ്പർ കത്ത്.

2) 02.2.2017-ലെ സ.ഉ.(സാധാ) നം.288/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

3) ഗ്രാമവികസന കമ്മീഷണറുടെ 22.02.2017-ലെ 6870/എസ്റ്റാ.ബി1/15/സിആർഡി നമ്പർ നടപടിക്രമം.

4) ശ്രീ.എസ്.ദാനത്തിന്റെ 17.03.2017-ലെ അപേക്ഷ.

5) ഗ്രാമവികസന കമ്മീഷണറുടെ 28.06.2017-ലെ 6870/എസ്റ്റാ.ബി1/15/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നിന്നും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി താൽക്കാലിക പ്രൊമോഷൻ ലഭിച്ച ഉദ്യോഗസ്ഥർക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്ന വിഷയത്തിൽ ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. ഗ്രാമവികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേനയും നേരിട്ടും നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാതിരിക്കുകയും ബഹുഭൂരിപക്ഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞു കിടക്കുകയും ചെയ്തിരുന്ന സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്ക് കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരം താൽക്കാലിക പ്രൊമോഷൻ നൽകിയിരുന്നു. ഇപ്രകാരം നൽകിയ താൽക്കാലിക പ്രൊമോഷൻ കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള Temporary Promotion എന്ന തരത്തിൽ 05.06.2010 പ്രാബല്യത്തിൽ പരിഷ്കരിച്ചുകൊണ്ട് ഗ്രാമവികസന കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (3) നടപടിക്രമത്തിന്റെ ആനുകൂല്യം 05.06.2010-നു മുൻപ് താൽക്കാലിക പ്രൊമോഷൻ നേടിയവർക്ക് ലഭിച്ചില്ലെന്നും കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച എല്ലാവർക്കും പരാമർശം (3) നടപടിക്രമത്തിന്റെ ആനുകൂല്യം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം ശ്രീ.ദാനം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. ആയതിന്മേൽ ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയും പരാമർശം (5) പ്രകാരം സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 9 (a) (i) പ്രകാരം നൽകിയ താൽക്കാലിക പ്രൊമോഷനുകളെല്ലാം അതാതു ഉത്തരവു തീയതി മുതൽ പ്രാബല്യത്തിൽ KS&SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരമുള്ള Temporary Promotion ആണ് എന്ന തരത്തിൽ പരിഷ്കരിക്കാൻ ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
ഡെപ്യൂട്ടി സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.എസ്.ദാനം, റിട്ട.ബി.ഡി.ഒ., പുലരി, തെക്കുമുറി പി.ഒ.,തിരൂർ-5.
ശ്രീ.എ.ഗോവിന്ദരാജ്, റിട്ട.ബി.ഡി.ഒ., നന്ദനം, ചന്ദ്രാലയം റോഡ്, അങ്ങാടിപ്പുറം പി.ഒ., മലപ്പുറം-679321.
ശ്രീ.കെ.എസ്.സുരേന്ദ്ര കുമാർ, സരസ്സ്, ഉറ്റിയ്ക്കൽ, മതുര പി.ഒ., കടയ്ക്കൽ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ